LIBRARY ARCHIVES Kerala Legislative Assembly

ഇലക്ട്രോണിക്സ് സർവ്വീസ് ഡെലിവറി

113 (5918) ശ്രീ.സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഏതെല്ലാം വകുപ്പുകളിലാണ് ഇലക്ട്രോണിക്സ് സർവ്വീസ് ഡെലിവറി ഏർപ്പെടുത്തിയത് ; ഇതിലൂടെയുണ്ടായ മികവ് എന്താണെന്ന് വിശദമാക്കാമോ ;

ഉത്തരം

ഇ-ഡിസ്ട്രിക്ട് മുഖാന്തിരം റവന്യൂ വകുപ്പിലെ 24 സേവനങ്ങൾ ഓൺലൈനായി നൽകിവരുന്നുണ്ട്. കേരള സ്റ്റേറ്റ് ഐ.ടി. മിഷന്റെ സ്റ്റേറ്റ് സർവ്വീസ് ഡെലിവറി ഗേറ്റ് വേ പദ്ധതി മുഖേന കേരള വാട്ടർ അതോറിറ്റി, വി.എച്ച്.എസ്.ഇ., റൂറൽ ഡവലപ്മെന്റ് എന്നീ വകുപ്പുകളിൽ ഇലക്ട്രോണിക്സ് സർവ്വീസ് ഡെലിവറി ഏർപ്പെടുത്തിയിട്ടുണ്ട്. ഇതുവഴി ജനങ്ങൾക്ക് വിവിധ വകുപ്പുകളുടെ സേവനങ്ങൾ ഒരു ഏകീകൃത പോർട്ടലിൽക്കൂടി ലഭിക്കും. ഈ സംവിധാനത്തിലൂടെ ഒരു സാധാരണ പൗരന് രാജ്യത്ത് എവിടെ നിന്നും അപേക്ഷാ ഫോറങ്ങൾ ഡൗൺലോഡ് ചെയ്തെടുക്കാനും അപേക്ഷകൾ സമർപ്പിക്കാനുമുള്ള സൗകര്യമുണ്ടാകും.

പോലീസ് സ്റ്റേഷനുകളിൽ പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണന

114 (5922) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായികവും ഫിഷറീസും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിൽ പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണനനൽകി ഈ സർക്കാർ എന്തെങ്കിലും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ ?

ഉത്തരം

(എ&ബി) പട്ടികവർഗ്ഗ വികസന വകുപ്പിൽനിന്നും ഉത്തരവുകൾ ഒന്നും പുറപ്പെടുവിച്ചിട്ടില്ല